(ഇ) വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സ്ഥാപനങ്ങൾക്കായി ഭൂമി വില കൊടുത്ത് വാങ്ങാൻ സാധിക്കുകയില്ല. ആയതിനാൽ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ബഹു. എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും സഹായത്തോടെ സർക്കാർ ഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ സൗജന്യമായി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ നടപടി**

114(1099) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയിക്കാമോ;

&

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉത്കൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കിത്തീർക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺ ലൈൻ ക്ലാസുകൾക്കുമായി മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് അക്കാദമിക വിദഗ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനായി 2019-20 സാമ്പത്തിക വർഷം "Jeevani -College Mental Awareness Programme" എന്ന പദ്ധതി 67 ആർട്സ് & സയൻസ് കോളേജുകളിൽ നടപ്പിലാക്കി.
- റൂസ ഒന്നാംഘട്ട പദ്ധതി പ്രകാരം 6 സർവ്വകലാശാലകളിൽ 20 കോടി രൂപ വീതവും രണ്ടാം ഘട്ടത്തിന്റെ ഭാഗമായി രണ്ട് സർവ്വകലാശാലകൾക്ക് 50 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.
- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.
- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ്, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- എഞ്ചിനിയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.

- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്റ്റ് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.

- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.

- അസാപിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീശാക്തീകരണത്തിനായുള്ള She Skills-2019 പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.

- സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർ സർവകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കി.

- സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങളും വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകൾ വരെ ഓൺലൈനിൽ ലഭ്യമാക്കി. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ ഓൺലൈൻ മുഖേന നടത്താനായി.

LIBRARY ARCHIVES Kerala Legislative Assembly

- പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ് സംഘടിപ്പിച്ച് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കി. നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് മുഖ്യമന്ത്രിയുമായി സംവദിക്കുന്നതിനും വേദികളൊരുക്കി Students Leaders' Conclave - സംഘടിപ്പിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ലീഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാലാ, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനത്തിന് പദ്ധതിക്ക് തുടക്കമായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ പരാതി പരിഹാര സംവിധാനം - For The Students - നിലവിൽവന്നു. ആർട്സ് & സയൻസ് കോളേജുകളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികൾ. സർവ്വകലാശാലാ സിൻഡിക്കേറ്റുകളിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പുവരുത്തി.

- വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വപാടവം വളർത്തുന്നതിനും കോളേജ് യൂണിയൻ പ്രതിനിധികൾക്കായി ലീഡ് പ്രോഗ്രാം നടത്തപ്പെട്ടു.

- വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തിവരുന്നു.

- ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. എറുഡെയ്റ്റ് പദ്ധതി പ്രകാരം 3 നോബൽ സമ്മാന ജേതാക്കളും ഒരു ആബേൽ സമ്മാനജേതാവും ഒരു ബുക്കർ സമ്മാനജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

- കണ്ണൂർ ജില്ലയിലെ കണ്ണവം, പിണറായി ഗ്രാമപഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനൂർ, കുറ്റിപ്പുറം, കൊണ്ടോട്ടി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഇടുക്കി ജില്ലയിലെ കൊന്നത്തടി, എന്നിവിടങ്ങളിൽ പുതിയ പോളിടെക്ക്നിക്കുകൾ, വയനാട് ജില്ലയിൽ ഒരു മാതൃകാ ഡിഗ്രി കോളേജ് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആവശ്യത്തിന് അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

115(1100) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഏതെല്ലാം സർവ്വകലാശാലകളാണ് 2020-21 അദ്ധ്യയന വർഷത്തിൽ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

2020-21 കാലഘട്ടത്തിൽ യു.ജി.സി അംഗീകാരത്തോടെ ആകെ 8287 പേർക്ക് വിവിധ യു.ജി., പി.ജി. പ്രോഗ്രാമുകളിലായി കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ പഠന വകുപ്പ് വഴി പ്രവേശനം നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി 33,600 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിലൊന്നും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തിയിട്ടില്ല.

**കോളേജ് വിദ്യാഭ്യാസവും ഓൺലൈൻ ക്ലാസുകളും**

116(1101) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ പഠനം ഓൺലൈനായി മാറിയത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly